കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കണ്ടുകെട്ടൽ ആക്റ്റ്, 1859

(1859-ലെ 9-ാം നമ്പർ ആക്റ്റ്)

[1976 ജൂലൈ 1-ാം തീയതി നിലവിലുള്ള പ്രകാരം]

വില

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കണ്ടുകെട്ടൽ ആക്ററ്, 1859

## (1859-ലെ 9-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

# കണ്ടുകെട്ടൽ ആക്റ്റ്, 1859

(1859-ലെ 9-ാം നമ്പർ)

[1859 ഏപ്രിൽ, 30.]

കണ്ടുകെട്ടിയ നിലയിൽ പിടിച്ചെടുക്കപ്പെടുന്ന വസ്തുവിനുള്ള അവകാശവാദങ്ങളുടെ ന്യായനിർണ്ണയത്തിനു വ്യവസ്ഥചെയ്യാനുള്ള ആക്റ്റ്.

ആമുഖം:—ചില ജില്ലകളിൽ നിഷ്ഠൂരമായ കുററങ്ങളുടെ വിചാരണയ്ക്ക് കമ്മീഷനുകൾ നൽകപ്പെട്ടിരിക്കാവുന്ന ഉദ്യോഗസ്ഥൻമാരുടേയോ, മററാളുകളുടേയോ അധികാരങ്ങൾ സംബന്ധിച്ചും കുററസ്ഥാപനങ്ങളുടേയും കണ്ടുകെട്ടലിനെക്കുറിച്ചുള്ള ന്യായനിർണ്ണയങ്ങളുടേയും സാധുതയെ സംബന്ധിച്ചും ഉള്ള സംശയങ്ങൾ, നീക്കം ചെയ്യുന്നതു സമീചീനമായിരിക്കയാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:

1 മുതൽ 15 വരെ (സ്പെഷ്യൽ കമ്മിഷൻ കോടതികൾ ഏർപ്പെടുത്തൽ നടപടിക്രമം മുതലായവ) റദ്ദാക്കൽ ആക്റ്റ്, 1868 (1868-ലെ 8)-നാൽ റദ്ദാക്കപ്പെട്ടു.

16. കണ്ടുകെട്ടപ്പെട്ട വസ്തു സംബന്ധിച്ച വ്യവഹാരങ്ങളിൽ കണ്ടുകെട്ടൽ ഉൾക്കൊള്ളുന്ന കുററസ്ഥാപനങ്ങൾ ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്ന്.—ഏതെങ്കിലും ആൾ ഏതു കുററത്തിനാണോ അയാളുടെ വസ്തു ഗവൺമെൻറിലേക്ക് കണ്ടുകെട്ടപ്പെട്ടത്, അങ്ങനെയുള്ള കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളപ്പോഴെല്ലാം അങ്ങനെയുള്ള വസ്തു സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ആ കുററസ്ഥാപനത്തിൻെറ സാധുത ചോദ്യം ചെയ്യാൻ യാതൊരു കോടതിക്കും അധികാരമുണ്ടായിരിക്കുന്നതല്ല.

17. കുററസ്ഥാപനം ചെയ്യുന്ന ഉദ്യോഗസ്ഥൻെറ നില കാണിക്കാത്തതുകൊണ്ട് കുററസ്ഥാപനം ചോദ്യം ചെയ്യപ്പെടാൻ പാടില്ലെന്ന്.—ഏതെങ്കിലും ആൾ വിചാരണ ചെയ്യാനും കുററസ്ഥാപനം ചെയ്യാനും അധികാരമുള്ള ഒരു ഉദ്യോഗസ്ഥനാൽ മേൽ പറഞ്ഞതുപോലെ കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുള്ളപ്പോഴെല്ലാം അങ്ങനെയുള്ള കുററസ്ഥാപനത്തിൻെറ സാധുത, കുററസ്ഥാപനത്തെക്കുറിച്ചുള്ള റിക്കാർഡ് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ പ്രവർത്തിച്ചത് ഏതു നിലയിലാണെന്ന് കാണിക്കുന്നില്ലെന്നോ അല്ലെങ്കിൽ അതു അയാൾ ഏതു നിലയിലാണോ അയാൾക്കു കുററസ്ഥാപനം ചെയ്യാൻ അധികാരമുണ്ടായിരുന്നത്, ആ നിലയിൽ നിന്നു വ്യത്യസ്തമായ ഒരു നിലയിൽ പ്രവർത്തിച്ചിട്ടുള്ളതായ ധാരണയുണ്ടാക്കുന്നുവെന്നോ ഉള്ള കാരണത്തിൻമേൽ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

18. കുററക്കാരൻ ഒരു വർഷത്തിനുള്ളിൽ കുററവിമുക്തനാക്കപ്പെടുകയും മററും ചെയ്യാത്തപക്ഷം, കണ്ടുകെട്ടലിനെക്കുറിച്ചുള്ള ന്യായനിർണ്ണയം കൂടാതെയുള്ള ജപ്തി ചോദ്യംചെയ്യപ്പെടാവുന്നതല്ലെന്ന്.—ഏതു കുററത്തിനാണോ കുററസ്ഥാപനം ചെയ്യുന്നതിൻമേൽ കുററക്കാരൻെറ വസ്തു കണ്ടുകെട്ടപ്പെടുന്നത്, അങ്ങനെയുള്ള ഒരു കുററത്തിന് ഏതെങ്കിലും വസ്തു കുററസ്ഥാപനം കൂടാതെയോ കണ്ടുകെട്ടലിനെക്കുറിച്ചുള്ള ന്യായനിർണ്ണയം

3/1430/V.

കൂടാതെയോ ഏതെങ്കിലും ഗവൺമെൻറ് ഉദ്യോഗസ്ഥൻ ഗവൺമെൻറിലേക്കു കണ്ടുകെട്ടപ്പെട്ടതോ, കണ്ടുകെട്ടാൻ ബാദ്ധ്യതപ്പെട്ടതോ ആയ വസ്തു എന്ന നിലയിൽ ജപ്തിചെയ്യുകയോ പിടിച്ചെടുക്കുകയോ ചെയ്തിട്ടുള്ളപ്പോഴെല്ലാം അങ്ങനെയുള്ള ജപ്തിയുടേയോ പിടിച്ചെടുക്കലിൻെറയോ സാധുത, വസ്തു പിടിച്ചെടുത്തതിനുശേഷം, ഒരു വർഷത്തിനുള്ളിൽ കുററക്കാരനോ കുററക്കാരനാണെന്ന് ആരോപിക്കപ്പെടുന്നവനോ വിചാരണയ്ക്ക് സ്വയം കീഴടങ്ങിയിരിക്കുകയും, ക്ഷമതയുള്ള ഒരു കോടതി മുമ്പാകെയുള്ള, വിചാരണയിൻമേൽ ആ കുററത്തിൽ നിന്ന് കുററവിമുക്തനാക്കപ്പെട്ടിരിക്കുകയോ, ചെയ്യുകയും, നീതിയിൽ നിന്നൊഴിഞ്ഞുമാറുന്നതിനുവേണ്ടി, രക്ഷപ്പെടുകയോ, ഒഴിഞ്ഞുമാറുകയോ ചെയ്തില്ലെന്ന് കോടതിക്ക് ബോദ്ധ്യപ്പെടുന്നവിധം തെളിയിക്കുകയും ചെയ്യാത്തപക്ഷം, ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ, ഏതെങ്കിലും കോടതിയാലോ മററു അധികാരസ്ഥാനത്തിലോ ചോദ്യം ചെയ്യപ്പെടാൻ പാടുള്ളതല്ല.

മാപ്പാക്കപ്പെട്ടആളുകളെ ഒഴിവാക്കൽ.—ഈ വകുപ്പിലെ യാതൊന്നും, 1858, നവംബർ 1-ാം തീയതിയിലെ, കൽക്കട്ട അസാധാരണ ഗസററിൽ പ്രസിദ്ധപ്പെടുത്തിയ ചക്രവർത്തിനിയുടെ, വിളംബരത്തിൻമേൽ, മാപ്പിന് അവകാശമുള്ള ആളുകൾക്കോ വസ്തു പിടിച്ചെടുത്തതിനുശേഷം, ഒരു വർഷത്തെ കാലാവധിക്കുള്ളിൽ, സ്വയം കീഴടങ്ങിയിരിക്കെ, [പ്രാസിക്യൂഷൻ കൂടാതെ, മുറപ്രകാരം ഡിസ്ചാർജ് ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്കോ വ്യാപകമായിരിക്കുന്നില്ല.

19. [കണ്ടുകെട്ടിയ നിലയിൽ ജപ്തിചെയ്ത വസ്തു വിട്ടുകൊടുക്കൽ]—[റദ്ദാക്കൽ ആക്ററ്, 1868 (1868-ലെ 8)-നാൽ റദ്ദാക്കപ്പെട്ടു.]

20. കണ്ടുകെട്ടൽ ഉൾക്കൊള്ളുന്ന കുററത്തിന് ചാർജ്ചെയ്യപ്പെട്ടവരല്ലാത്ത കക്ഷികളുടെ അവകാശങ്ങൾ.—ഗവൺമെൻറിലേക്ക് കണ്ടുകെട്ടിയതോ കണ്ടുകെട്ടാൻ ബാദ്ധ്യതപ്പെട്ടതോ ആണെന്ന നിലയിൽ ജപ്തിചെയ്യുന്നതോ, പിടിച്ചെടുക്കുന്നതോ, ആയ ഏതെങ്കിലും വസ്തു സംബന്ധിച്ച് ഈ ആക്ററിലെ യാതൊന്നും ഏതു കുററത്തിനാണോ കുററസ്ഥാപനം ചെയ്യുന്നതിൻമേൽ കുററക്കാരൻെറ വസ്തു കണ്ടുകെട്ടപ്പെടുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കുററത്തിന് ചാർജ്ചെയ്യപ്പെടുന്നവരല്ലാത്ത കക്ഷികളുടെ അവകാശങ്ങളെ ബാധിക്കുന്നതായി ഗണിക്കപ്പെടുന്നതല്ല:

പരിമിതി വ്യവസ്ഥ.—എന്നാൽ, അങ്ങനെയുള്ള വസ്തു സംബന്ധിച്ച്, ഏതെങ്കിലും കക്ഷി കൊണ്ടുവരുന്ന യാതൊരു വ്യവഹാരവും, അതു, ഏതു വസ്തു സംബന്ധിച്ചുള്ളതാണോ ആ വ്യവഹാരം ആ വസ്തുവിൻെറ ജപ്തിയുടേയോ, പിടിച്ചെടുക്കലിൻേറയോ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ആരംഭിക്കപ്പെടാത്തപക്ഷം സ്വീകരിക്കപ്പെടുന്നതല്ല.

———